# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5335

31.10.2016-ൽ മറുപടിയ്ക്ക്

## രാജകുമാരി കളപ്പാറച്ചാലിലെ അപ്പാരൽ പാർക്ക്

| ചോദ്യം<br>ശ്രീ.എം.എം.മണി | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) ഉടുമ്പൻചോല മണ്ഡലത്തിലെ രാജകുമാരി കളപ്പാറച്ചാലിൽ അപ്പാരൽ പാർക്ക് സമുച്ചയം പണികഴിപ്പിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) എത്ര രൂപ മുടക്കിയാണ് ഈ കെട്ടിടം പണി കഴിപ്പിച്ചിട്ടുള്ളത്; പണി പൂർത്തീകരിച്ചിട്ട് എത്ര വർഷമായി; | ബി) | പ്രസ്തുത പദ്ധതിക്ക് 6.70 കോടി രൂപയാണ് മുതൽ മുടക്ക്. പ്രസ്തുത കെട്ടിടം പണി പൂർത്തീകരിച്ചത് 31/12/2012 ലാണ്. . |
| സി) ഈ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം എത്രയാണ്. | സി) | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 55000 ചതുരശ്ര അടിയാണ്. |
| ഡി) നിലവിൽ ഈ കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണോ.<br><br>ഇ) എങ്കിൽ കോടികൾ മുടക്കി പണികഴിപ്പിച്ച ഇവിടെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുന്നതിനുതകുന്ന എന്തെങ്കിലും പദ്ധതി കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; | ഡി) & ഇ) | കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണ്. ഇവിടെ വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിന് കിൻഫ്ര വിവിധ സംരംഭകരുമായി പല ഘട്ടത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ടായിരുന്നു. ഇപ്പോഴും അതിനു വേണ്ടിയുള്ള ശ്രമങ്ങൾ തുടരുന്നു. പ്രസ്തുത കെട്ടിടം പൂർണ്ണമായും പ്രയോജനപ്പെടുന്ന രീതിയിൽ സംരംഭകരെ കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| എഫ്) ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ വ്യവസായ ഓഫീസറെ ചുമതലപ്പെടുത്തുമോ? | എഫ്) | ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രവുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ